## പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07.06.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1340**

### മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നത്; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി, സ്കൂളിന്റെ പുനരുദ്ധാരണമാണ് നടത്തുന്നത്. |
| (ബി) | നിർമ്മാണ പ്രവൃത്തികളുടെ ആകെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഡി.പി.ആർ. പ്രകാരം 5.12 കോടി (അഞ്ചുകോടി പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിന് 4.95 കോടി (നാലുകോടി തൊണ്ണൂറ്റഞ്ച് ലക്ഷം രൂപ മാത്രം) രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. |
| (സി) | നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും എപ്പോൾ പൂർത്തീകരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | നിർമ്മാണത്തിനായി ശ്രീശൈലം ജെ.വി, ജ്യോതി സ്വരൂപ മിത്തൽ എന്നിവർക്കാണ് കോൺട്രാക്ട് അവാർഡ് ചെയ്തിട്ടുള്ളത്. 2019 വർഷത്തിൽ പൂർത്തിയാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

Namitha

സെക്ഷൻ ഓഫീസർ